(ഡി, ഇ) ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി പ്രവർത്തിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവരുമ്പോൾ ആവശ്യമായ പ്രോൽസാഹനം നൽകുന്നതാണ്.

പൂട്ടിയ അനധികൃത ഷോപ്പുകൾ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനെതിരെ കേസ്സുകൾ

88 [1698] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക—പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അടച്ചുപൂട്ടിയ അനധികൃത ഷാപ്പുകൾ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനെതിരെ എത്ര കേസ്സുകൾ 1995–96-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കേസ്സുകളിൽ എന്ത് ശിക്ഷയാണ് സർക്കാർ നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 70 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 4 കേസ്സുകൾ ഡിപ്പാർട്ടുമെന്റലായി 3,50,000 രൂപ പിഴ ഈടാക്കുകയും 10 കേസ്സുകൾ കോടതിയിൽ ചാർജ്ജു ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള കേസ്സുകൾ 15–3–1996-നകം കോടതിയിൽ ചാർജ്ജ് കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

''കള്ള് വ്യവസായം സംരക്ഷിക്കുന്നതിന് നടപടി''

89 [1699] ശ്രീ. എസ്. ശർമ്മ:

,, സി. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക—പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ള് വ്യവസായം സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കള്ളിൽനിന്നും ശീതള പാനീയങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിൽ വരുത്താൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ഇതു സംബന്ധിച്ച് ഉദയഭാനു കമ്മീഷൻ താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുകയുണ്ടായി:

(1) കള്ളിന്റെ ഉൽപ്പാദന വിതരണ ചുമതല തൊഴിലാളി (താലൂക്ക് ലെവൽ) സഹകരണ സംഘങ്ങളെ ഏൽപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(2) ധനസഹായം നൽകുവാൻ ഒരു കേന്ദ്ര സംഘം രൂപീകരിക്കുക, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ പ്രായോഗികതയെപ്പറ്റി വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി റവന്യൂ ബോർഡ് സെക്രട്ടറിയേയും (എക്സൈസ്) സഹകരണ രജിസ്ട്രാറേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തെ കള്ളു ഷാപ്പുകളിലൂടെ വിൽപ്പന നടത്തപ്പെടുന്ന മദ്യത്തിന്റെ അളവ്

90 [1700] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക—പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കള്ളു ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽക്കൂടി ശരാശരി എത്ര ലിറ്റർ കള്ള് ദിനംപ്രതി വിൽപ്പന നടത്തുന്നുണ്ട്;

(ബി) സംസ്ഥാനത്ത് എത്ര ചെത്തു തൊഴിലാളികൾ ഉണ്ട്;

(സി) സംസ്ഥാനത്ത് എത്ര തെങ്ങുകളിൽനിന്നും കള്ള് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 1991-ൽ ഐക്യജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ ഷാപ്പുകളിൽ ഒരു ലിറ്റർ കള്ളിനും ചാരായത്തിനും എന്ത് വില വീതമായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഇ) 1996 ഫെബ്രുവരി 29-ന് ലിറ്ററിന് ഇവ ഓരോന്നിന്റെയും വില എത്രയെന്ന് വ്യക്തമാക്കാമോ;

(എഫ്) ബിയറിനും വിദേശമദ്യങ്ങളുടെ ഓരോ ബ്രാൻഡിനും ഇതേ കാലയളവിലുണ്ടായ വില വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ജി) 1991 മാർച്ച് 31-ന് സംസ്ഥാനത്ത് കള്ള്, ബിയർ, വിസ്കി, ബ്രാണ്ടി ഇവയുടെ ഓരോന്നിന്റെയും ഒരു ലിറ്ററിന്റെ വില എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(എച്ച്) 1995 ഏപ്രിൽ ഒന്നുമുതൽ 1996 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസ്തുത ലഹരി പദാർത്ഥങ്ങളുടെ പ്രതിദിന ഉപഭോഗം എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ഐ) ഐക്യജനാധിപത്യ മുന്നണി സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് കള്ളു ഷാപ്പുകൾ, ചാരായ ഷാപ്പുകൾ, വിദേശ മദ്യ ഷാപ്പുകൾ, ബാർ ഹോട്ടലുകൾ, ബിയർ പാർലറുകൾ എന്നിവയുടെ എണ്ണം എത്ര വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ജെ) 1995-96 സാമ്പത്തിക വർഷത്തിൽ ഫെബ്രുവരി 29 വരെ പ്രസ്തുത ഇനത്തിൽപ്പെടുന്ന ഓരോ വിഭാഗങ്ങളുടെയും എണ്ണം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly